പതിനാലാം കേരള നിയമസഭ

13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 253      10.12.2018-ൽ മറുപടിക്ക്

നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി യു. പ്രതിഭ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ. യു. ആർ. പ്രദീപ്<br>ശ്രീ. സി. കെ. ശശീന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (എ) സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2018-ലെ ഭേദഗതി നിയമം എന്നിവ പ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. നിയമലംഘനങ്ങൾ തടയുന്നതിനായി ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. റവന്യൂ വകുപ്പ് മുഖേന നെൽവയൽ തണ്ണീർത്തട സംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നില്ല. നെൽവയൽ നികത്തുന്നതുൾപ്പെടെ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന കുറ്റത്തിനുള്ള ശിക്ഷ 3 വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) കേരള റാംസർ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും വേണ്ടി 5 വർഷത്തെ ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട് എന്നീ തണ്ണീർത്തടങ്ങളുടെ കർമ്മ പരിപ്രേക്ഷ്യം കേന്ദ്ര സർക്കാർ അംഗീകരിക്കുകയും സാമ്പത്തിക സഹായത്തിന്റെ ആദ്യ വർഷ ഗഡു അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മൺട്രോ തുരുത്തിന്റെ പുനരുജ്ജീവനത്തിനായി പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള അവബോധ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകൾ ക്ഷണിച്ചിട്ടുണ്ട്. |
| (സി) | തണ്ണീർത്തട അതോറിറ്റി തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള അവബോധ പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള അവബോധ പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകൾ ക്ഷണിച്ചിട്ടുണ്ട്. |
| (ഡി) | നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി താലൂക്ക് തലത്തിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡുകളുടെ പ്രവർത്തനം വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി നിയമലംഘനങ്ങൾ തടയുന്നതിനായി റവന്യൂ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ താലൂക്ക് തല സ്ക്വാഡുകൾ രൂപീകരിച്ച് അവധി ദിനങ്ങൾ ഉൾപ്പെടെ എല്ലാ ദിവസങ്ങളും പ്രവർത്തിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**